# ഗാന്ധിജയന്തി ദിനാഘോഷം - ക്ഷണക്കത്ത്

സർ,
സർവകലാശാലതലത്തിലുള്ള ഗാന്ധിജയന്തി ദിനാഘോഷം നാളെ (ഒക്ടോബർ 2) രാവിലെ ഒൻപതിന് ഭരണവിഭാഗം ചത്വരത്തിലെ ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചനയോടെ ആരംഭിക്കും. തുടർന്ന് സർവമത പ്രാർഥന നടക്കും. രാവിലെ 10ന് അസംബ്ലിഹാളിൽ എൻ.എസ്.എസിന്റെ ശുചിത്വ സാക്ഷരത യജ്ഞമടക്കമുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം ബഹു. വൈസ് ചാൻസലർ നിർവഹിക്കും. എല്ലാവരുടേയും സഹകരണത്തോടെ മെഗാ കാമ്പസ് ശുചീകരണ യജ്ഞവും നടക്കും. പരിപാടിയിലേക്ക് എല്ലാവരേയും ഹൃദയപൂർവം ക്ഷണിക്കുന്നു.

വിശ്വസ്തതയോടെ

എ. അരുൺകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ

പരിപാടി സംബന്ധിച്ച വിശദവിവരം ചുവടെ.

## ശുചിത്വ സാക്ഷരത യജ്ഞമടക്കം കർമപരിപാടികളുമായി എം.ജി.യിൽ ഗാന്ധിജയന്തി ദിനാഘോഷം

മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്ന ശീലങ്ങൾ തിരുത്തി വൃത്തിയുടെ വികസിത സംസ്കാരം പ്രചരിപ്പിക്കുന്നതിനായി ശുചിത്വ സാക്ഷരത യജ്ഞമടക്കം വിവിധ കർമ്മപരിപാടികൾക്ക് തുടക്കം കുറിച്ച് ഗാന്ധി ജയന്തി ആഘോഷമാക്കാനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല. ഒക്ടോബർ രണ്ടിന് രാവിലെ ഒൻപതിന് സർവകലാശാലയിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന, ഗാന്ധിഭജൻ എന്നിവയോടെ ആഘോഷങ്ങൾക്ക് തുടക്കമാകും. സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 150 ദിവസം നീളുന്ന ശുചിത്വ സാക്ഷരത യജ്ഞം, ഡിപ്പാർട്ട്മെന്റ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ സംഘടിപ്പിക്കുന്ന ഗാന്ധി ദർശൻ പരിപാടി, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തുന്ന വിവിധ പരിപാടികൾ എന്നിവയ്ക്ക് തുടക്കമാകും. മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തിന്റെയും എൻ.എസ്.എസിന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെയും ഭാഗമായാണ് ശുചിത്വ സാക്ഷരത യജ്ഞം നടത്തുന്നത്. ഒക്ടോബർ രണ്ടിന്

രാവിലെ 10ന് സർവകലാശാല അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിവിധ പരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗങ്ങൾ, അധ്യാപകർ, ജീവനക്കാർ എന്നിവർ പങ്കെടുക്കും.
സർവകലാശാല എൻ.എസ്.എസ്., കാമ്പസിലെ പഠനവകുപ്പുകളിലെ അധ്യാപകർ, വിദ്യാർഥികൾ, സർവകലാശാല ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ കാമ്പസിൽ ശുചീകരണ യജ്ഞം നടക്കും. അമലഗിരി ബി.കെ., മാന്നാനം കെ.ഇ., സർവകലാശാല കാമ്പസ് യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള അഞ്ഞൂറിലധികം എൻ.എസ്.എസ്. വോളണ്ടിയർമാർ യജ്ഞത്തിൽ പങ്കാളികളാകും. ഹോസ്റ്റൽ പരിസരമടക്കമുള്ള സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കും. എൻ.എസ്.എസിന്റെ ശുചിത്വ സാക്ഷരത യജ്ഞം 2020 മാർച്ച് രണ്ടിനാണ് സമാപിക്കുന്നത്. ആവശ്യമില്ലെന്ന് തോന്നുന്ന വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, അവ തരംതിരിച്ച് നിക്ഷേപിക്കുക, സംസ്കരിക്കുക, പ്ലാസ്റ്റിക് കത്തിക്കാതിരിക്കുക, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുക തുടങ്ങി അടിസ്ഥാന ശുചിത്വകാര്യങ്ങൾ ഉൾപ്പെടുത്തി വിദ്യാർഥികളിലൂടെ പുതിയ ശുചിത്വ സംസ്കാരം സമൂഹത്തിലേക്ക് വ്യാപിപ്പിക്കുകയാണ് യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നത്. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകൾ വഴിയാണ് യജ്ഞം നടപ്പാക്കുക.